പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1783 | 05.02.2019-ലെ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു
" കാരാട്ട് റസാഖ്
" കെ.ജെ. മാക്സി
" സി.കെ. ഹരീന്ദ്രൻ

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വാഹനാപകട നിരക്ക് ദേശീയ ശരാശരിയെക്കാൾ ഉയർന്നു നിൽക്കുന്നത് പരിഹരിക്കാൻ ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. IDTES പദ്ധതി പ്രകാരം പ്രധാന റോഡുകളിലും അപകട സാദ്ധ്യത കൂടിയ ഇടങ്ങളിലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുവാനും അതുവഴി ഗതാഗത നിയമലംഘനങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്തുവാനും സാധിക്കും. നിരീക്ഷണ ക്യമറകളുടെയെല്ലാം കേന്ദ്രീകൃത മോണിറ്ററിംഗ് സെന്ററിൽ നിന്ന് ടി നിയമലംഘനങ്ങൾക്ക് എതിരയുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. നിയമലംഘകർക്ക് ഡിജിറ്റലായോ അല്ലാതെയോ ഫൈൻ തുക ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമായിരിക്കും. 180 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി PPP മോഡലിൽ നടപ്പിൽ വരുത്തുന്നതിന് സ.ഉ.(എം.എസ്) നം. 155/2018/ആഭ്യ. തീയതി 5/10/2018 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ KPET/78/2018/PHQ dtd. 31/12/2018 ആയി ടെൻഡർ നടപടികൾ നടന്നുവരുന്നു.<br>24 മണിക്കൂറും നിരീക്ഷണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനും ട്രാഫിക്ക് നിയമലംഘനങ്ങൾ തടയുന്നതിനുമുള്ള സേഫ് കേരള പദ്ധതിക്ക് കേരള റോഡ് സുരക്ഷാ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | റോഡു സുരക്ഷയ്ക്കായി മോട്ടോർ വാഹന വകുപ്പിനെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; അപകടത്തിൽപെടുന്നവരിലേറെയും ഇരുചക്രവാഹന യാത്രികരാണെന്നതിനാൽ ഇവയുൾപ്പടെയുള്ള വാഹനങ്ങളുടെ അമിതവേഗം കർശനമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; റോഡു സുരക്ഷ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ; | (ബി) | റോഡ് സുരക്ഷയെ മുൻനിർത്തി ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തി ശിക്ഷിക്കുന്നതുവഴി നിയമലംഘനങ്ങൾ കുറയ്ക്കുന്നതിനായി ഇപ്പോൾ പ്രവർത്തിച്ചു വരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കു പുറമേ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 51 പുതിയ സ്ക്വാഡുകൾകൂടി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമിതവേഗത കണ്ടെത്തുന്നതിനായി ആകെ 240 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന് പതിനൊന്ന് ഇന്റർസെപ്റ്റർ യൂണിറ്റുകൾ നിലവിൽ നിരത്തുകളിൽ പ്രവർത്തിച്ചുവരുന്നു. ഇവയെല്ലാം ഇരുചക്രവാഹനങ്ങളുടെ അമിതവേഗത കുറയ്ക്കുന്നതിന് സഹായിക്കുന്നു.<br>ഇത് കൂടാതെ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ഡ്രൈവർമാർ മുതലായവർക്ക് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ റോഡ് സുരക്ഷാ ക്ലാസുകളും പരിശീലനവും നൽകിവരുന്നു. ഇതു മുൻനിർത്തി പതിവു പോലെ ഈ വർഷവും ഫെബ്രുവരി 4 മുതൽ 10 വരെ റോഡു സുരക്ഷാവാരം ആചരിക്കുന്നു.<br>റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ / കോളേജ് വിദ്യാർത്ഥി കൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളി ലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധനം സൃഷ്ടിക്കുന്ന |

| | | | |
|---|---|---|---|
| | | | പരിപാടികൾ നടത്തി വരുന്നു. |
| (സി) | മരണകാരണമായ അപകടങ്ങളിൽ ഉദ്ദേശം നാലിലൊന്നും സൃഷ്ടിച്ചത് കെ.എസ്.ആർ.ടി.സി. യുൾപ്പെടെയുള്ള ബസുകളായതിനാൽ ഇത്തരം വാഹനങ്ങളിലെ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലന പരിപാടി നിർബന്ധിതമാക്കാൻ നടപടി സ്വീകരിക്കുമോ; ബസുകളിലെ സ്പീഡ് ഗവർണർ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; | (സി) | മരണകാരണമായ അപകടങ്ങളിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഡ്രൈവർമാർക്ക് അപകടരഹിത ഡ്രൈവിംഗ് സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകിയതിന് ശേഷമേ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കാറുള്ളൂ. കോർപ്പറേഷന്റെ എല്ലാ വാഹനങ്ങളിലും വേഗമാനകം (Speed Governor) ഘടിപ്പിച്ചിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാറുമുണ്ട്. കൂടാതെ, ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശീലന ക്ലാസ്സുകൾ വിവിധ സ്ഥലങ്ങളിലായി മോട്ടോർ വാഹന വകുപ്പ് നൽകാറുമുണ്ട്. |
| (ഡി) | പട്ടണങ്ങളിലെയും നഗരങ്ങളിലെയും വാഹനാപകടങ്ങൾക്ക് പ്രധാന കാരണങ്ങൾ അശാസ്ത്രീയ പാർക്കിംഗും തൽഫലമായുണ്ടാകുന്ന ഗതാഗതകുരുക്കും ആയതിനാൽ പാർക്കിംഗ് നയം രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകാൻ സാധിക്കുമോ എന്നറിയിക്കാമോ? | (ഡി) | പ്രത്യേക പാർക്കിംഗ് നയം രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**